# SNDPUP SCHOOL
# MEKKOZHOOR

# ACADEMIC MASTER PLAN 2025-2026

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. നിലവിലുള്ള അവസ്ഥ വിശകലനം
5. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
6. സാമൂഹിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്.
7. പദ്ധതി ആവിഷ്കരണ പ്രക്രിയ
8. മികവു പ്രവർത്തനങ്ങൾ
9. പ്രതീക്ഷകൾ
10. ഉപസംഹാരം.

NAME OF SCHOOL : SNDPUPS MEKKOZHOOR

GOVT/LOCAL/PVT AIDED : AIDED

MANAGEMENT : CORPARATE MANAGEMENT OF SNDP YOGAM SCHOOL KOLLAM

EDUCATIONAL DISTRICT : PATHANAMTHITTA

EDUCATIONAL SUBDISTRICT : RANNY

PANCHAYATH : MYLAPRA

BLOCK : KONNY

TALUK : KONNY

STANDARDS : 5 TO 7

NO;OF TEACHERS : 5

PEON : NIL

NO.OF SCHOOL BUILDINGS : 3

# ആമുഖം

എല്ലാ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായിട്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ പരിഗണിച്ചാണ് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

## പൊതുവിവരങ്ങൾ

ഭൂവിസ്തൃതി - 1.5 ഏക്കർ

ഭൂവിനിയോഗം - സ്കൂൾ സ്ഥിതി ചെയ്യുന്ന/ കളിസ്ഥലം, മൂത്രപ്പുര.

അവസ്ഥ - Std V-1, Std VI-1
VII-1

സ്കൂൾ ഉടമസ്ഥത - SNDP കോർപറേറ്റ് മാനേജ്മെന്റ്

പശ്ചാത്തല സൗകര്യങ്ങൾ

കെട്ടിടം - 3 എണ്ണം.

തറ - കോൺക്രീറ്റ്, ടൈൽ

മേൽക്കൂര - ഓട്.

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ - 2025 - 26.

| Sl No | അധ്യാപകരുടെ പേര് | ആൺ/ പെൺ | തസ്തിക | യോഗ്യത |
|---|---|---|---|---|
| 1 | സുശീല . വി. ജോസ് | F | HM | SSLC, TTC |
| 2 | ദിവ്യ . ബി | F | UPST | MA BED |
| 3 | നിഷ . വി | F | UPST | TTC BA |
| 4 | സുരേഷ് . S . കുമാർ [illegible] | M | PTLG Hindi | BSC, Bhooshan. |
| 5 | ധന്യ ആനന്ദ് | F | PTLG Skt | Paakshasthri BA |

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

## അനുവദിച്ച തസ്തിക

HM - 1

UPST - 2

PTLG Hindi - 1

PTLG Sanskrit - 1

Office Attender - 1

ആകെയുള്ള അധ്യാപകർ - 5

## നിലവിലുള്ളത്

HM - 1

UPST - 2

PTLG Hindi - 1

PTLG Sanskrit - 1

Office Attender - 1

## കുടുംബ പശ്ചാത്തലം

2025-26 അധ്യയന വർഷം നമ്മുടെ വിദ്യാലയത്തിൽ 64 കുട്ടികൾ പഠിക്കുന്നു. 30% കുട്ടികൾ മെച്ചപ്പെട്ട സാഹചര്യങ്ങളിൽ നിന്നു വരുന്നു. 60% കുട്ടികളും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്. 10% കുട്ടികൾ അച്ഛനോ അമ്മയോ ഇല്ലാതെ രക്ഷിതാക്കളും ബാലികാഭവനിൽ നിന്നും വരുന്നവരാണ്. 70% കുട്ടികൾക്കുവേണ്ട സാമ്പത്തിക പിന്തുണയും പഠനപിന്തുണയും അധ്യാപകർ നൽകി വരുന്നു.

# പൊതുലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണാപ്രവർത്തനങ്ങൾ നൽകുന്നു.
3. ഏഴാം ക്ലാസിലെ മികവു പുലർത്തുന്ന കുട്ടികളെ കണ്ടെത്തി USS പരിശീലനം നൽകുന്നു.
4. കുട്ടികളിലെ വ്യത്യസ്ത അഭിരുചികൾ കണ്ടെത്തി ശാസ്ത്ര, പ്രവൃത്തി പരിചയ കലാമേളകളിൽ പങ്കെടുപ്പിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നു.
5. കുട്ടികളുടെ മാനസിക ആരോഗ്യവും ശാരീരിക ആരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി കൗൺസിലിംഗ്, ആരോഗ്യപ്രവർത്തകരുടെ ക്ലാസുകൾ, അയൺ ഗുളികകൾ എന്നിവ ഉറപ്പുവരുത്തുന്നു.
6. ആരോഗ്യകരമായ ഒരു പുതുതലമുറയെ വാർത്തെടുക്കുന്നതിനായി തായ്ക്കോണ്ടോ ക്ലാസുകൾ, സുംബാ ഡാൻസ്, കൃത്യമായ വ്യായാമം, പോഷക സമൃദ്ധമായ ഉച്ചഭക്ഷണം എന്നിവ ഉറപ്പാക്കുന്നു.
7. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിനുള്ളിൽ വെളിയിൽ നിന്നുള്ള ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കുകയും ഹരിത പ്ലാസ്റ്റിക് രഹിത ക്യാമ്പസ് ഉറപ്പാക്കുകയും ചെയ്യുന്നു.
8. കൃഷിയിലേക്കുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനായി അടുക്കളത്തോട്ട നിർമ്മാണത്തിനായി കുട്ടികളെ നയിക്കുന്നു.

9. ഭാഷാ വിഷയങ്ങളുമായി ബന്ധപ്പെട്ട് (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) വായന, ലേഖനം, സർഗാത്മകത എന്നിവ മെച്ചപ്പെടുത്തുന്നതിനായി വ്യത്യസ്ത ഗ്രൂപ്പുകളാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

10 ഗണിതവുമായി ബന്ധപ്പെട്ട് അടിസ്ഥാന ശേഷി വികസനം, പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉറപ്പാക്കുന്നു.

11 നിത്യജീവിതത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പങ്ക്. (ജൂലൈ 21 ചാന്ദ്രദിനത്തോടനുബന്ധിച്ച് തുടക്കം കുറിക്കുന്ന പരിപാടി വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ കുട്ടികളെ കടത്തി വിടുന്നു) ചാന്ദ്രയാത്ര

12 ദിനാഘോഷങ്ങൾ വിഷയങ്ങളുമായി ബന്ധപ്പെടുത്തി വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ കടത്തിവിടുന്നു. അതായത് വിഷയങ്ങളിൽ വൈദഗ്ധ്യം ഉള്ളവരെ പങ്കെടുപ്പിക്കുന്നു.

13 ചരിത്ര അവബോധമുള്ള സമൂഹത്തോട് പ്രതിബദ്ധതയുള്ള സഹജീവികളോട് സമഭാവനയുള്ള ഉത്തമ പൗരന്മാരെ വളർത്തിയെടുക്കുന്നു.

14 ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, സൗന്ദര്യവൽക്കരണം ടോയ്‌ലറ്റുകളുടെ നവീകരണം എന്നിവ ലക്ഷ്യമിടുന്നു.

15 രക്ഷിതാക്കളുമായി നിരന്തരവും സൗഹൃദപരവുമായ ബന്ധം സ്ഥാപിച്ച് സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നു.

# മികവ് പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായന, ലേഖനം എന്നിവയിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നു. ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള കഴിവ് നേടാനായി Spoken English

# വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സംസ്കൃതം

| മേഖല | പ്രവർത്തനം | കാലയളവ് | സംഘടന ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക. | * പദപയറ്റ്<br>* ചോദ്യോത്തര പയറ്റ്<br>* നിഘണ്ടു നിർമ്മാണം<br>* മാഗസിൻ നിർമ്മാണം<br>* ദിനാചരണങ്ങൾ<br>* പോസ്റ്റർ നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃത അധ്യാപിക | |
| വായന | * കഥ, കവിത, സുഭാഷിതങ്ങൾ ജീവചരിത്ര കുറിപ്പുകൾ എന്നിവ പരിചയപ്പെടുത്തൽ<br>* ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്<br>* വായനമൂല | | | |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Reader of the Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി Dictionary എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Meet the Foreigner. തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. ഒറ്റയ്ക്കുതന്നെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണതയിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | | |
| | Follow Me If You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | | |
| | Breaking News<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ. | | |

# Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 3 ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് രേഖകളെക്ക് ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തത്വം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം - നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 5 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | <u>നമ്മുടെ സൗഹൃദവട്ടം</u><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമേകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |
| 6 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും ഡേറ്റ സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | <u>ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം</u><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | <u>പുതുചക്രവാളത്തിലേക്ക്</u><br>സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ വാസ്തവിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെഴുതുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7) | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | ശൂന്യചക്രവാളത്തിലേക്ക്<br>സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ വാസ്തവിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | വായനാ പുസ്തക വിതരണം<br>ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>വായനാമൂല<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>വായനാമത്സരം സംഘടിപ്പിക്കൽ<br>പത്രവായന<br>മൗന വായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>ഇ- വായന<br>വായനാക്കൂട്ടം മോണിറ്ററിംഗ് | ഒരുവർഷത്തിനുള്ളിൽ | അധ്യാപകർ | 2500/- |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സ്ഥലം | സാമഗ്രികൾ |
| --- | --- | --- | --- | --- |
| രചന | ഭാഷാ വ്യവഹാരരൂപങ്ങൾ പൂർത്തീകരിക്കൽ<br>വാങ്മയ ചിത്രം രൂപീകരിക്കൽ<br>ചിഹ്നം പൂർത്തീകരണം<br>സമസ്യാപൂരണം<br>കഥാലേഖനം<br>കവിതാ രചന<br>കഥ, കവിത, പതിപ്പ് തയ്യാറാക്കൽ<br>കയ്യെഴുത്ത് മാസിക സംഘടിപ്പിക്കൽ<br>തലക്കെട്ട് നിർമ്മാണം<br>ഭിന്നശേഷി കുട്ടികൾക്കായി ചിത്ര സഹായത്തോടെ കഥാലേഖനം<br>ആദരണാമണിയിക്കൽ, ഡയറി എഴുത്ത് | ഒരുവർഷ-ത്തിനുള്ളിൽ | മലയാളം സ്വാധ്യായ | |

# ഹിന്ദി

| Sl. No | മേഖല | പ്രവർത്തനം | കാലയളവ് | സഹായസമ്പൂർണ്ണത | സാമ്പത്തികം | Remarks. |
|---|---|---|---|---|---|---|
| 1. | വിശകലനം | 2024-25 പരീക്ഷയുടെ ഫലം വിശകലനം ചെയ്യുന്നു. ക്ലാസ് തലത്തിൽ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കുന്നു. | 1 year | അധ്യാപകർ | | |
| 2. | ലേഖനം | കവിതാ രചന, കഥാ രചന, പോസ്റ്റർ, കുറിപ്പ് തയ്യാറാക്കൽ, ഡയറി എഴുതൽ, സംഭാഷണം തയ്യാറാക്കൽ, സൂചനാ ബോർഡ് തയ്യാറാക്കൽ. | 1 year | അധ്യാപകർ | | |
| 3. | വായന | ക്ലാസ്തല വായനക്കൂട്ടം രൂപീകരിക്കൽ, ചാർട്ടിൽ നിന്ന് വാക്കുകൾ, വാക്യങ്ങൾ വായന, ഹിന്ദി പത്രം വായിക്കാനുള്ള അവസരം, ദിനാചരണങ്ങൾ, ഹിന്ദി അസംബ്ലി | 1 year. | അധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| 4. | ഹിന്ദി പഠനം കാര്യക്ഷമം ആക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയാറാക്കൽ, നാടകീകരണം, വാർത്തകൾ കേൾക്കാനുള്ള അവസരം, ഹിന്ദി കവിതകൾ മുതലായവ. | | | | |
| | | | | | | |

യു.പി - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>പരീക്ഷണക്കളരി</u><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | |
| | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂൺ മുതൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | | | |
| ശാസ്ത്ര പ്രക്രിയാശേഷി വർദ്ധിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഊർജ്ജവും, ആരോഗ്യവും ശാസ്ത്രവും, ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരണം | അക്കാദമിക വർഷം | | |

യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ ലഘു പരിമാണങ്ങളും ഉറപ്പുവരുത്തുന്നു. | കുട്ടികളുടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ് മുത്തുകൾ, ഫ്ലാഷ് കാർഡുകൾ) | ജൂൺ മാസം | ഗണിതാദ്ധ്യാപകർ. | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം, പോലെയുള്ള പ്രവർത്തനങ്ങൾ, IT സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) ചിന്താങ്കം നിർത്തു കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ മാസം മുതൽ. | | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും. | ഒറിഗാമിയിലൂടെ ഗണിതശേഷികൾ നേടുന്നതിനുള്ള ചരിവല സാധനങ്ങൾ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ ചർച്ചചെയ്യുന്നു | മാസത്തിൽ ഒരു പ്രാവശ്യം. | | |

# അടുക്കളത്തോട്ട നിർമ്മാണം.

## ലക്ഷ്യം

വിഷരഹിതമായ പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുക.

## പ്രവർത്തനം

വിദ്യാലയത്തിലെ പരിമിതമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിതോട്ടം നിർമ്മിക്കാൻ തീരുമാനിച്ചു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ വിഷരഹിത പച്ചക്കറികൾ ഉപയോഗിച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകാൻ തീരുമാനിച്ചു. ഇതുവഴി കുട്ടികൾക്ക് പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കാൻ സാധിക്കും.

കാലം :- ജൂൺ മുതൽ മാർച്ച് വരെ.

ചുമതല :- HM ന്റെ നേതൃത്വത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളും അദ്ധ്യാപകരും.

സാമ്പത്തികം - 2500/-

## ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

ഭിന്നശേഷി കുട്ടികളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു. MR കുട്ടികൾക്കായി ചിത്രരചന കളറിംഗ്, മുത്തുകോർക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു. BRC യുടെ സഹായത്തോടെ ഭിന്ന ശേഷികുട്ടികളുടെ പഠനം സുഗമമാക്കാൻ സൗകര്യം ഒരുക്കൽ, ക്യാമ്പുകൾ സംഘടിപ്പിക്കുക.

കാലം: ജൂൺ മുതൽ മാർച്ച് വരെ

ചുമതല: HM, SRG കൺവീനർ

വിമുക്തി - ലഹരിവിമുക്ത സമൂഹം

ഉപമേഖല - സാമൂഹികം

ലക്ഷ്യം

ലഹരി വിമുക്ത സമൂഹം. രക്ഷിതാക്കളിലും കുട്ടികളിലും ലഹരിയുടെ ദൂഷ്യവശങ്ങളെപ്പറ്റി ബോധവാന്മാരാക്കുക

പ്രവർത്തനം

ലഹരി വിരുദ്ധ ക്ലാസുകൾ സജീവമാക്കിക്കൊണ്ട് കുട്ടികളിൽ ലഹരിയുടെ ദൂഷ്യവശങ്ങളെപ്പറ്റി മനസ്സിലാക്കി കൊടുക്കുന്നതിന് ക്ലാസുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. കുട്ടികളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉണർവ്വും പകരാൻ എക്സൈസിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ക്ലാസ് നടത്താൻ തീരുമാനിച്ചു. കുട്ടികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പാവനാടകം നടത്താൻ തീരുമാനിച്ചു.

നിർവഹണ ചുമതല.

H.M ന്റെ നേതൃത്വത്തിൽ അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ

കാലം - ഒരുവർഷം    സാമ്പത്തികം - 1500 രൂപ / PTA ഫണ്ട്

## പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക മാസ്റ്റർ പ്ലാൻ കുട്ടികളുടെ വൈവിധ്യമാർന്ന കഴിവുകളെ പൂർണ്ണതയിലേക്ക് എത്തിക്കുന്ന വിധമായിരിക്കണമെന്ന ഉത്തമബോധ്യം ഞങ്ങൾക്ക് ഉണ്ട്. സ്കൂൾ ചരിത്രം, നിലവിലുള്ള സ്ഥിതി സവിശേഷതകൾ നേടാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്നിവ S.R.G യിലും, സ്കൂൾ P.T.A യിലും സജീവ ചർച്ച നടത്തുകയുണ്ടായി. കരിക്കുലം അനുശാസിക്കുന്ന ഒരു കുട്ടി ആർജിക്കേണ്ട അറിവുകൾ ക്ലാസിലെ എല്ലാ കുട്ടികളിലും നേടിയെടുക്കണമെന്ന ഉത്തമബോധ്യം P.T.A ക്കും, അധ്യാപകർക്കും ഉണ്ട്. വിവിധ ഘട്ടങ്ങളിലെ സജീവ ചർച്ചകൾ സംവാദങ്ങൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞതാണ് ഈ പദ്ധതി.

## പ്രതീക്ഷകൾ

ഭാരതത്തിന്റെ ഭാവിഭാഗധേയം ക്ലാസ് മുറികളിൽ വെച്ചാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും അടിസ്ഥാനമാക്കി നിലകൊള്ളുന്ന ജനങ്ങളുടെ അഭിവൃദ്ധി നിർണ്ണയിക്കുന്നത് വിദ്യാഭ്യാസമാണ്. വിജ്ഞാനം നൽകുക, പ്രായോഗിക പാടവം വികസിപ്പിക്കുക, സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക. കുട്ടിയും അദ്ധ്യാപകനും രക്ഷിതാവും സമൂഹവും സഹായക സംവിധാനങ്ങളും ഒന്നൊരുമിച്ച് പ്രവർത്തനത്തിലൂടെ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കാം എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

## ഉപസംഹാരം

കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗം കാതലായ മാറ്റത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. പാഠ്യപദ്ധതിയിൽ സ്കൂൾ അന്തരീക്ഷത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഒക്കെ മാറ്റം പ്രകടമാണ്. പുതിയ ബോധനക്രമവും പുതിയ തന്ത്രശാസ്ത്രവും കൂടിയാണ്. സ്കൂൾ പ്രവർത്തനങ്ങളിലെ കുട്ടികളുടെയും സമൂഹത്തിന്റെയും ഫലപ്രദമായ പങ്കാളിത്തവും ഇടപെടലും ഇനിയും വർധിക്കേണ്ടിയിരിക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സ്കൂളിന്റെയും കുട്ടികളുടെയും സമഗ്രമായ വികസനലക്ഷ്യം എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്ക് ഉള്ളത്.